# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 മാർച്ച് 8, ബുധൻ

**നമ്പർ : 51**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

വാളയാറിലെ സ്കൂൾ വിദ്യാർത്ഥികളായ രണ്ട് സഹോദരിമാരുടെ ആത്മഹത്യ സംബന്ധിച്ച കേസിലുള്ള പോലീസിന്റെ അനാസ്ഥമൂലവും സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവെച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. കെ. മുരളീധരനും മറ്റ് രണ്ട് അംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യങ്ങളിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്തെ അംഗൻവാടി അദ്ധ്യാപകരുടെ പെൻഷൻ വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) അനധികൃതമായി കൈവശം വച്ചിരിക്കുന്നതെന്ന് രാജമാണിക്യം റിപ്പോർട്ടിൽ പരാമർശിക്കപ്പെടുന്നതായി പറയപ്പെടുന്ന ഭൂമി വീണ്ടെടുക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ.അടൂർ പ്രകാശ് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 362/2017(i).

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | എം.പി. മാരുടെയും എം.എൽ.എ. മാരുടെയും ഫണ്ട് ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങളുടെ സമയബന്ധിതമായ പൂർത്തീകരണം | ധനകാര്യവും കയറും വകുപ്പുമന്ത്രി, മുഖ്യമന്ത്രി |
| 2 | ശ്രീ. ആർ. രാമചന്ദ്രൻ | കരുനാഗപ്പള്ളി ട്രാഫിക്ക് പോലീസ് സ്റ്റേഷൻ പ്രവർത്തന ക്ഷമമാക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. പാറക്കൽ അബ്ദുല്ല | പ്രവാസി കമ്മീഷന്റെ പ്രവർത്തനം | മുഖ്യമന്ത്രി |
| 4 | ശ്രീ. വി. എസ്. അച്ചുതാനന്ദൻ | പെപ്സി കമ്പനിയുടെ ജലചൂഷണം തടയുന്നത് | മുഖ്യമന്ത്രി |
| 5 | ശ്രീമതി വീണാ ജോർജ്ജ് | പമ്പാ ജലസേചന പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ | പമ്പയാറ്, അച്ചൻകോവിലാറ്, കുട്ടൻപേരൂർ ആറ് എന്നിവയുടെ പുനരുജ്ജീവനം സംബന്ധിച്ച് | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. കൃഷ്ണൻകുട്ടി | വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ആശ്വാസം | കൃഷി വകുപ്പുമന്ത്രി |
| 8 | ശ്രീ. എ. എൻ. ഷംസീർ | ബീഡി തൊഴിലാളികളുടെ വേതന വർദ്ധനവ് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. എം. നൗഷാദ് | ചെറുകിട കശുവണ്ടി വ്യവസായികളോട് ബാങ്കുകൾ പുലർത്തുന്ന പ്രതിലോമ സമീപനം | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 10 | ശ്രീ. ചിറ്റയം ഗോപകുമാർ | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരമുള്ള വാതിൽപ്പടി വിതരണം | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തുവച്ച കടലാസുകൾ</u>

*ചട്ടം 236(5) പ്രകാരം* :

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു :

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| 1 | 2 | 3 | 4 |
| XIV—ആഭ്യന്തര കാര്യങ്ങൾ | 2015-16 | 5 | 1, 2, 3, 8, 9, 10, 11, 12, 13, 14, 15, 18 |
| XIII—സാമൂഹ്യസേവനം | 2015-16 | 5 | 22, 23, 24, 25 |
| II—ഭൂനികുതിയും ദേവസ്വവും | 2014-15<br>2015-16 | 4<br>5 | 2<br>6 |
| IX—തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2015-16 | 5 | 4, 6, 7, 14 |

| 1 | 2 | 3 | 4 |
|---|---|---|---|
| III—ജലവിഭവം | 2012-13<br>2013-14 | 2<br>3 | 22, 42<br>46, 53, 54, 85 |
| VI—വിദ്യാഭ്യാസം | 2014-15<br>2015-16 | 4<br>5 | 42, 43, 47<br>27, 51 |
| VI—വിദ്യാഭ്യാസം<br>VIII—സാമ്പത്തിക കാര്യങ്ങൾ | 2014-15<br>2015-16 | 4<br>5 | 72, 73, 74<br>17, 18, 19 |
| I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2013-14<br>2014-15 | 3<br>4 | 4, 6<br>28 |
| IV—വ്യവസായവും ധാതുക്കളും | 2014-15 | 4 | 21, 22, 23, 24 |

റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു

(1) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്നുമുതൽ ആറുവരെയുള്ള റിപ്പോർട്ടുകൾ.

(2) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ നാലുമുതൽ ഏഴുവരെയുള്ള റിപ്പോർട്ടുകൾ.

ധനകാര്യം :

2017-2018 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച പുനരാരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. വി. കെ. സി. മമ്മത് കോയ

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. കെ. ശശി

ശ്രീ. പി. ഉബൈദുള്ള

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. തോമസ് ചാണ്ടി

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

ശ്രീ. ബി. സത്യൻ

ശ്രീ. പി. സി. ജോർജ്

ശ്രീ. സി. ദിവാകരൻ

ശ്രീ. അബ്ദുൽ ഹമീദ്. പി.

ശ്രീ. സി. കൃഷ്ണൻ

ശ്രീ. രമേശ് ചെന്നിത്തല, പ്രതിപക്ഷ നേതാവ്

[ബജറ്റ് പ്രസംഗത്തിനുള്ള തിരുത്ത്

ബജറ്റ് പ്രസംഗത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള താഴെപ്പറയുന്ന സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ.ടി.എം.തോമസ് ഐസക് സഭയുടെ മേശപ്പുറത്തുവച്ചു.

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 284-ലെ 2017-18 ബജറ്റ് എസ്റ്റിമേറ്റിലെ കണക്കുകളിൽ വർഷാന്ത്യരൊക്ക ബാക്കിയായ 1688.42 കോടി രൂപയ്ക്ക് നേരെ (-) ചിഹ്നം ചേർത്ത് (-) 1688.42 എന്നാണ് അച്ചടിക്കേണ്ടിയിരുന്നത്. എന്നാൽ പ്രസ്തുത തുകയ്ക്ക് നേരെ (-) ചിഹ്നം കാണിക്കാതെയാണ് അച്ചടിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ ബജറ്റ് പ്രസംഗത്തിൽ പ്രസ്തുത (-) ചിഹ്നം ചേർത്ത് (-) 1688.42 കോടി രൂപ എന്ന് വായിക്കേണ്ടതാണ്. ബജറ്റ് പ്രസംഗത്തിൽ നിലവിലുള്ളതും അതിൽ വരുത്തേണ്ടതായ തിരുത്തലും താഴെക്കൊടുത്തിരിക്കുന്നു.

| നിലവിലുള്ളത് | മാറ്റം വരുത്തിയത് |
|---|---|
| ഖണ്ഡിക 284 വർഷാന്ത്യരൊക്ക ബാക്കി 1688.42 | ഖണ്ഡിക 284 വർഷാന്ത്യരൊക്ക ബാക്കി (-) 1688.42 |

]

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മറുപടി പറഞ്ഞു.

<u>ചട്ടം സസ്പെന്റ് ചെയ്യുന്നതിനുള്ള പ്രമേയം</u>

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ശ്രീ.എ.കെ.ബാലൻ അവതരിപ്പിച്ച താഴെപ്പറയുന്ന പ്രമേയം സഭ അംഗീകരിച്ചു.

"2017-2018 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ സബ്ജക്റ്റ് കമ്മിറ്റികൾ നടത്തേണ്ട പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്റ്റ് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236- ാം ചട്ടത്തിന്റെ (2)-ാം ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭംവരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു."

2017 മാർച്ച് 9 വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 2.57-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Fourth Session**

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, March 8, 2017*

**No. 51**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions* :

Four questions in the list of questions posted for the day were answered orally.

*Adjournment Motion* :

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri K.Muraleedharan and two other Members regarding the serious situation reported to have arisen consequent to the inaction on the part of the police in the cases regarding the suicide of two school going sisters in Valayar, and the increasing atrocities against women and children in the State.

In protest against the attitude of the Government in these matters the Members belonging to the opposition staged a walkout.

*Calling Attention* :

(1) Shri E. T. Taison Master called the attention of the Minister for Health and Social Justice to the necessity to enhance the pension of Anganvadi teachers in the State. The Minister made a statement thereto.

(2) Shri Adoor Prakash called the attention of the Minister for Revenue and Housing to the necessity to recover the unauthorisedly held land reportedly being mentioned in the Rajamanikyam Report. The Minister made a statement thereto.

KNPP. 362/2017(ii).

*The matters raised by Members Under Rule 304 :*

The matters raised by Members in the House Under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | എം.പി. മാരുടെയും എം.എൽ.എ. മാരുടെയും ഫണ്ട് ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങളുടെ സമയബന്ധിതമായ പൂർത്തീകരണം | ധനകാര്യവും കയറും വകുപ്പുമന്ത്രി, മുഖ്യമന്ത്രി |
| 2 | ശ്രീ. ആർ. രാമചന്ദ്രൻ | കരുനാഗപ്പള്ളി ട്രാഫിക്ക് പോലീസ് സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. പാറക്കൽ അബ്ദുല്ല | പ്രവാസി കമ്മീഷന്റെ പ്രവർത്തനം | മുഖ്യമന്ത്രി |
| 4 | ശ്രീ. വി. എസ്. അച്യുതാനന്ദൻ | പെപ്സി കമ്പനിയുടെ ജലചൂഷണം തടയുന്നത് | മുഖ്യമന്ത്രി |
| 5 | ശ്രീമതി വീണാ ജോർജ്ജ് | പമ്പാ ജലസേചന പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ | പമ്പയാറ്, അച്ചൻകോവിലാറ്, കുട്ടൻപേരൂർ ആറ് എന്നിവയുടെ പുനരുജ്ജീവനം സംബന്ധിച്ച് | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. കൃഷ്ണൻകുട്ടി | വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ആശ്വാസം | കൃഷി വകുപ്പുമന്ത്രി |
| 8 | ശ്രീ. എ. എൻ. ഷംസീർ | ബീഡി തൊഴിലാളികളുടെ വേതന വർദ്ധനവ് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. എം. നൗഷാദ് | ചെറുകിട കശുവണ്ടി വ്യവസായികളോട് ബാങ്കുകൾ പുലർത്തുന്ന പ്രതിലോമ സമീപനം | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 10 | ശ്രീ. ചിറ്റയം ഗോപകുമാർ | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരമുള്ള വാതിൽപ്പടി വിതരണം | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Papers laid on the table* :

The following papers were laid on the Table :

As per Rule 236(5)

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| 1 | 2 | 3 | 4 |
| XIV—ആഭ്യന്തര കാര്യങ്ങൾ | 2015-16 | 5 | 1, 2, 3, 8, 9, 10, 11, 12, 13, 14, 15, 18 |
| XIII—സാമൂഹ്യസേവനം | 2015-16 | 5 | 22, 23, 24, 25 |
| II—ഭൂനികുതിയും ദേവസ്വവും | 2014-15<br>2015-16 | 4<br>5 | 2<br>6 |
| IX—തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2015-16 | 5 | 4, 6, 7, 14 |

| 1 | 2 | 3 | 4 |
|---|---|---|---|
| III—ജലവിഭവം | 2012-13<br>2013-14 | 2<br>3 | 22, 42<br>46, 53, 54, 85 |
| VI—വിദ്യാഭ്യാസം | 2014-15<br>2015-16 | 4<br>5 | 42, 43, 47<br>27, 51 |
| VI—വിദ്യാഭ്യാസം<br>VIII—സാമ്പത്തിക കാര്യങ്ങൾ | 2014-15<br>2015-16 | 4<br>5 | 72, 73, 74<br>17, 18, 19 |
| I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2013-14<br>2014-15 | 3<br>4 | 4, 6<br>28 |
| IV—വ്യവസായവും ധാതുക്കളും | 2014-15 | 4 | 21, 22, 23, 24 |

*Presentation of Reports* :

The following Reports were presented:

(1) First to Sixth Reports of the Committee on Public Accounts.

(2) Fourth to Seventh Reports of the Committee on Subordinate Legislation.

*Financial Business* :

General discussion on the Budget for the Financial Year 2017-2018 was resumed. The following Members took part in the discussion :

Shri V. K. C. Mammed Koya

Shri Roji M. John

Shri P. K. Sasi

Shri P. Ubaidulla

Shri Anoop Jacob

Shri Thomas Chandi

Shri P. B. Abdul Razak

Shri B. Sathyan

Shri P. C. George

Shri C. Divakaran

Shri Abdul Hameed. P.

Shri C. Krishnan

Shri Ramesh Chennithala - Leader of Opposition

[*Correction to Budget Speech* :

The following correction statement on the Budget speech was laid on the table by the Minister for Finance and Coir, DR. T. M.Thomas Isaac.

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 284-ലെ 2017-18 ബജറ്റ് എസ്റ്റിമേറ്റിലെ കണക്കുകളിൽ വർഷാന്ത്യരൊക്ക ബാക്കിയായ 1688.42 കോടി രൂപയ്ക്ക് നേരെ (-) ചിഹ്നം ചേർത്ത് (-) 1688.42 എന്നാണ് അച്ചടിക്കേണ്ടിയിരുന്നത്. എന്നാൽ പ്രസ്തുത തുകയ്ക്ക് നേരെ (-) ചിഹ്നം കാണിക്കാതെയാണ് അച്ചടിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ ബജറ്റ് പ്രസംഗത്തിൽ പ്രസ്തുത (-) ചിഹ്നം ചേർത്ത് (-) 1688.42 കോടി രൂപ എന്ന് വായിക്കേണ്ടതാണ്. ബജറ്റ് പ്രസംഗത്തിൽ നിലവിലുള്ളതും അതിൽ വരുത്തേണ്ടതായ തിരുത്തലും താഴെക്കൊടുത്തിരിക്കുന്നു

| നിലവിലുള്ളത് | മാറ്റം വരുത്തിയത് |
|---|---|
| ഖണ്ഡിക 284 വർഷാന്ത്യരൊക്ക ബാക്കി 1688.42 | ഖണ്ഡിക 284 വർഷാന്ത്യരൊക്ക ബാക്കി (-) 1688.42 |

]

DR. T. M. Thomas Isaac, Minister for Finance and Coir replied to the points raised in the discussion.

*Motion for Suspension of Rule* :

The following motion moved by Shri A.K.Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs was adopted by the House.

"2017–2018 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236- ാം ചട്ടത്തിന്റെ (2) ാം ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭംവരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു."

The House adjourned at 2.57 p.m. to meet again at 8.30 a.m. on Thursday March 9, 2017.

V. K. BABU PRAKASH,
Secretary.